# PRE-MODELSSLC- 2023
# FIRST TERM BASED SET2
## ഉത്തര സൂചിക

സോഷ്യൽ സയൻസ്

STD: X

Time: 11/2 Hours TotalScore:40

| | Answers | |
|---|---|---|
| 1 | വിവരാവകാശ നിയമം 2015 | 1 |
| 2 | പോപ്പുലേഷൻ രജിസ്ട്രാർ ജനറൽ ആന്റ് സെൻസസ് കമീഷണറുടെ ഓഫീസ് | 1 |
| 3 | • വ്യക്തികൾ<br>• കുടുംബം<br>• വിവിധ സ്ഥാപനങ്ങൾ<br>• രാഷ്ട്രം<br>Any 2 | 2 |
| 4 | • സന്താൾ കലാപം<br>• കുറിച്യ കലാപം | 2 |
| 5. | • ഞായർ 5.30 AM | 2 |
| 6 | A) അമേരിക്കൻ സ്വാതന്ത്ര്യ സമരം<br>B) ഫ്രഞ്ച് വിപ്ലവം | 2 |
| 7 | • തൊഴിലാളികളുടെ കുറഞ്ഞ കൂലി<br>• അസംസ്കൃത വസ്തുക്കളുടെ ലഭ്യത<br>• കോളനികളിൽ ഉൽപ്പാദിപ്പിച്ച് കോളനികളിൽ തന്നെ വിതരണം ചെയ്യുമ്പോഴുള്ള കുറഞ്ഞ ചെലവ് Any 2 | 2 |
| 8 | • ഹയർസെക്കൻഡറി കോഴ്സുകളിലേക്കുള്ള പ്രവേശനത്തിനുള്ള ഏകജാലക സംവിധാനം<br>• വിവിധ സ്കോളർഷിപ്പുകൾക്കുള്ള ഓൺലൈൻ അപേക്ഷ | 2 |
| 9 | • വിവര സാകേതിക വിദ്യയുടെ സഹായത്താൽ സേവനം നേടാം<br>• സേവനത്തിനായി സർക്കാർ ഓഫീസിൽ കാത്തു നിൽക്കേണ്ടതില്ല<br>• സർക്കാർ സേവനം കുറഞ്ഞ ചെലവിലും വേഗത്തിലും ലഭിക്കുന്നു<br>• ഓഫീസുകളുടെ കാര്യക്ഷമതയും സേവനത്തിന്റെ ഗുണമേൻമയും വർധിക്കുന്നു<br>Any 3 | 3 |
| 10 | • 180° രേഖാംശരേഖ<br>• ഈ രേഖയുടെ കിഴക്കും പടിഞ്ഞാറും തമ്മിൽ 24 മണിക്കൂർ സമയ വ്യത്യാസം ഉണ്ട്<br>• രഭാഗം ഒഴിവാക്കിയാണ് ഈ രേഖ കടന്നു പോകുന്നത് നേർ രേഖയല്ല Any 3 | 3 |

SSPM

| | | |
|---|---|---|
| 11 | • മാതൃരാജ്യമായ ഇംഗ്ലണ്ടിന്റെ സഹായത്തോടെ കച്ചവടക്കാർ അമേരിക്കൻ കോളനികളിൽ നടപ്പിലാക്കിയ വാണിജ്യ നയമാണ് മെർക്കന്റലിസം<br>• കച്ചവടത്തിനായി അമേരിക്കയുടെ കപ്പലുകളോ ഇംഗ്ലണ്ടിന്റെ കപ്പലുകളോ മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ<br>• കോളനികളിൽ ഉല്പാദിപ്പിക്കുന്ന പഞ്ചസാര, കമ്പിളി, പരുത്തി, പുകയില തുടങ്ങിയവ ഇംഗ്ലണ്ടിലേക്ക് മാത്രമേ അയറ്റി അയക്കാവൂ<br>• കോളനികളിലെ നിയമപര മായ എല്ലാ രേഖകളിലും ഇംഗ്ലണ്ടിന്റെ മുദ്ര പതിച്ചിരിക്കണം e.t.c ...... | 3 |
| 12 | • ബ്രിട്ടിഷ് വ്യവസായികൾ വൻ തുക മുൻകൂറായി നൽകി കർഷകരെക്കൊണ്ട് നീലം കൃഷി ചെയ്യിച്ചു<br>• ഈ കർഷകർ തന്റെ കൃഷിയിടത്തിന്റെ നിശ്ചിത ഭാഗത്ത് നീലം കൃഷി ചെയ്യണമായിരുന്നു<br>• ഏറ്റവും ഫലഭൂയിഷ്ടമായ ഭാഗത്തായിരുന്നു കൃഷി ഇറക്കേണ്ടിയിരുന്നത്<br>• വിളവെടുപ്പ് കാലത്ത് ബ്രിട്ടീഷ് ഏജന്റുമാരുടെ ഇടപെടൽ കാരണം നീലത്തിന് കുറഞ്ഞ വിലയേ ലഭിച്ചുള്ളൂ<br>• കൃത്രിമച്ചായങ്ങളുടെ കണ്ടെത്തലോടെ തുണികൾക്ക് നിറം നൽകാൻ നീലം അവശ്യമില്ലാതായി<br>• ഇതോടെ കൃഷി ഭൂമിയുടെ ഭൂരിഭാഗവും നീലം കൃഷിക്ക് മാറ്റി വെച്ച കർഷകന്റെ അവസ്ഥ കൂടുതൽ ദുരിതമായി<br>• 1859 ൽ ബംഗാളിൽ കർഷകർ സംഘടിച്ച് നീലം കൃഷി ഉപേക്ഷിക്കുകയാണെന്ന് പ്രഖ്യാപിച്ചു<br>• അമ്പും, വില്ലും, വാളും, കുന്തവുമായി അവർ നീലം ഫാക്ടറി ആക്രമിച്ചു | 3 |
| 13 | • താപം , ഉയരം, ആർദ്രത എന്നീ ഘടകങ്ങൾ അന്തരീക്ഷമർദ്ദവുമായി വിപരീത അനുപാതത്തിലാണ് ഉള്ളത്<br>• താപം കൂടുമ്പോൾ മർദ്ദം കുറയുന്നു<br>• ഉയരം കൂടുമ്പോൾ മർദ്ദം കുറയുന്നു<br>• ആർദ്രത കൂടുമ്പോൾ മർദ്ദം കുറയുന്നു | 3 |
| 14 | • തൊഴിൽ ദിനങ്ങളുടെ എണ്ണം വർധിക്കുന്നതു കൊണ്ടും കാര്യക്ഷമത വർധിക്കുന്നത് കൊണ്ടും ഉൽപാദനം കൂടും<br>• പ്രകൃതി വിഭവങ്ങൾ ശരിയായി വിനിയോഗിക്കാനാവും<br>• ചികിത്സാ ചെലവുകൾ കുറക്കാനും അത് വഴി സർക്കാരിന്റെ സാമ്പത്തിക ചെലവ് കുറക്കാൻ കഴിയും<br>• ഉൽപാദനവർധനവിലൂടെ സാമ്പത്തിക വികസനം സാധ്യമാവും | 3 |
| 15 | • അന്തരീക്ഷവായു ചെലുത്തുന്ന ഭാരമാണ് അന്തരീക്ഷമർത്ഥം<br>• ഉയരവും അന്തരീക്ഷ മർദ്ദവും<br>ഉയരം കൂടുന്നതിനനുസരിച്ച് അന്തരീക്ഷം കുറഞ്ഞുവരും.<br>ഉയരവും അന്തരീക്ഷം അർത്ഥവും വിപരീത അനുപാതത്തിലാണ്<br>• താപവും അന്തരീക്ഷ മർദ്ദവും<br>• താപം കൂടുമ്പോൾ അന്തരീക്ഷമർദ്ദം കുറയുന്നു താപം കുറയുമ്പോൾ അന്തരീക്ഷമർദ്ദം കൂടും | 4 |

| | | |
|---|---|---|
| | താപവും അന്തരീക്ഷമർദ്ദവും വിപരീത അനുപാതത്തിലാണ്.<br>• ആർദ്രതയും അന്തരീക്ഷ മർദ്ദവും<br>ആർദ്രതയും അന്തരീക്ഷം വിപരീത അനുപാതത്തിൽ | |
| 16 | വിദ്യാഭ്യാസം ⟶ വ്യക്തികളുടെ കഴിവ് മെച്ചപ്പെടുത്തുന്നു. ⟶ സാങ്കേതിക വിദ്യകൾ ഉപയോഗിക്കാനുള്ള അറിവ് ലഭിക്കുന്നു. ⟶ മെച്ചപ്പെട്ട തൊഴിലും വരുമാനവും നേടാൻ ആകുന്നു. ⟶ ജീവിതം നിലവാരം ഉയരുന്നു. | 4 |
| 17 | A) ഭൂമധ്യരേഖയിൽ നിന്ന് ഉത്തരായനരേഖയിലേക് Manjari<br>B) ഗ്രീഷ്മം<br>C) വസന്തം<br>D) ദക്ഷിണായനരേഖയിൽ നിന്ന് ഭൂമധ്യരേഖയിലേക്ക് | 4 |
| 18 | • മിഖായേൽ ഗോർബച്ചേവിന്റെ ഭരണപരിഷ്കാരങ്ങൾ. (ഗ്ലാസ് നോസ്ത്, പെരിസ്ട്രോയിക്ക)<br>• സോഷ്യലിസത്തിന്റെ അടിസ്ഥാന തത്വങ്ങളിൽനിന്നുള്ള വ്യതിചലനം<br>• ഉദ്യോഗസ്ഥരുടെ കെടുകാര്യസ്ഥതയും അഴിമതിയും<br>• സാമ്പത്തിക രംഗത്തെ മാറ്റങ്ങൾ ഉൾക്കൊള്ളുന്നതിൽ ഉണ്ടായ പരാജയം. | 4 |
| 19 | ഫ്രഞ്ച് സമൂഹം<br>• ഫ്രഞ്ച് സമൂഹത്തെ മൂന്ന് തട്ടുകളായി തിരിച്ചിരുന്നു. അവ എസ്റ്റേറ്റുകൾ എന്നാണറിയപ്പെടുന്നത്.<br>ഒന്നാമത്തെ എസ്റ്റേറ്റ്<br>• പുരോഹിതൻമാരായിരുന്നു ഈ എസ്റ്റേറ്റിൽ ഉൾപ്പെട്ടിരുന്നത്.<br>• ധാരാളം ഭൂപ്രദേശം കൈവശം വച്ചിരുന്നു.<br>• കർഷകരിൽനിന്ന് തിഥെ എന്ന പേരിൽ നികുതി പിരിച്ചിരുന്നു.<br>• നികുതികളിൽ നിന്ന് ഒഴിവാക്കപ്പെട്ടിരുന്നു.<br>• ഉയർന്ന പദവികൾ നിയന്ത്രിച്ചു.<br>രണ്ടാമത്തെ എസ്റ്റേറ്റ്<br>• പ്രഭുക്കൻമാരായിരുന്നു ഈ എസ്റ്റേറ്റിൽ ഉൾപ്പെട്ടിരുന്നത്.<br>• ധാരാളം ഭൂപ്രദേശം കൈവശം വച്ചിരുന്നു.<br>• നികുതികളിൽ നിന്ന് ഒഴിവാക്കപ്പെട്ടിരുന്നു.<br>• ആഡംബര ജീവിതം നയിച്ചു.<br>• കർഷകരിൽ നിന്ന് പലതരം നികുതികൾ പിരിച്ചിരുന്നു.<br>മൂന്നാമത്തെ എസ്റ്റേറ്റ്<br>• കച്ചവടക്കാർ , എഴുത്തുകാർ ,അധ്യാപകർ ,ബാങ്കർമാർ ,അഭിഭാഷകർ എന്നിവർ ഈ എസ്റ്റേറ്റിൽ ഉൾപ്പെട്ടിരുന്നു.<br>• താഴ്ന്ന സാമൂഹിക പദവി.<br>• പ്രഭുക്കൻമാർക്കും പുരോഹിതൻമാർക്കും നികുതി നൽകണം.<br>• ഭരണത്തിൽ ഒരവകാശവുമില്ല.<br>• തൈലേ എന്ന പേരിലുള്ള ഭൂനികുതി സർക്കാരിന് നൽകണം.<br>• ചിന്തകൻമാരും അവരുടെ ആശയങ്ങളും<br>വോൾട്ടയർ<br>• പുരോഹിതൻമാരുടെ ചൂഷണത്തെ പരിഹസിച്ചു. | 6 |

SSMPM

- യുക്തിചിന്ത, സമത്വം, മനുഷ്യസ്നേഹം എന്നിവയെ പ്രോത്സാഹിപ്പിച്ചു റൂസ്സോ
- സ്വതന്ത്രമായി ജനിക്കുന്ന മനുഷ്യൻ എവിടെയും ചങ്ങലയിലാണ് എന്ന പ്രസ്താവനയിലൂടെ സ്വാതന്ത്ര്യത്തിന്റെ പ്രാധാന്യം വ്യക്തമാക്കി.
- ജനങ്ങളാണ് പരമാധികാരിയെന്ന് പ്രഖ്യാപിച്ചു മൊണ്ടസ്ക്യൂ
- ജനാധിപത്യത്തെയും റിപ്പബ്ളിക്കിനെയും പ്രോത്സാഹിപ്പിച്ചു.
- ഗവൺമെന്റിനെ നിയമനിർമ്മാണം , കാര്യനിർവ്വഹണം,നീതിന്യായം എന്നീ വിഭാഗങ്ങളിലായി തിരിക്കണമെന്ന് വാദിച്ചു.

OR

നാസി പാർട്ടിയുടെ നേതാവായ അഡോൾഫ് ഹിറ്റ്ലറെ ജർമനിയിൽ അധികാരത്തിലേറാൻ സഹായിച്ച ഘടകങ്ങൾ

- ഒന്നാം ലോകയുദ്ധാനന്തരം ജർമനിയുടെ മേൽ അടിച്ചേൽപ്പിച്ച വേഴ്സായ് സന്ധി.
- സാമ്പത്തികത്തകർച്ചയും പണപ്പെരുപ്പവും
- ജർമൻ ഭരണകൂടത്തിന്റെ പരാജയവും രാഷ്ട്രീയ അസ്ഥിരതയും. ജർമനിയിൽ ഹിറ്റ്ലറുടെ നയങ്ങൾ.
- നിലവിലിരുന്ന ഭരണകൂടത്തെ പുറംതള്ളിക്കൊണ്ട് അധികാരത്തിലെത്തിയ ഹിറ്റ്ലർ നാസിസത്തിന്റെ പ്രധാന ശത്രുക്കളായ സോഷ്യലിസ്റ്റുകളെയും കമ്മ്യൂണിസ്റ്റുകളെയും ജൂതരെയും ജനാധിപത്യവാദികളെയും കൊന്നൊടുക്കി.
- ജർമ്മനിക്ക് ഉണ്ടായ അപമാനങ്ങൾക്കും തിരിച്ചടികൾക്കും ഉത്തരവാദികൾ ജൂതരാണ് ആരോപിച്ചു.
- പ്രത്യേകം തയാറാക്കിയ കോൺസൺട്രേഷൻ ക്യാമ്പുകളിൽ വച്ച് ജൂതരെ കൂട്ടക്കൊല ചെയ്തു. ഇത് ഹോളോ കാസ്റ്റ് എന്നറിയപ്പെടുന്നു.
- ഇതിനായി ‘‘തവിട്ടുകുപ്പായക്കാർ' (Brown Shirts) എന്ന സൈന്യത്തിനും ഗസ്റ്റപ്പൊ' എന്ന രഹസ്യസംഘത്തിനും രൂപംനൽകി.
- ജർമൻകാർ ആര്യന്മാർ ആണെന്ന് അഭിപ്രായപ്പെട്ടു
- നാസി പാർട്ടി ഒഴികെയുള്ള മറ്റു പാർട്ടികളെ നിരോധിച്ചു.
- തൊഴിലാളി സംഘടനകൾക്ക് വിലക്കേർപ്പെടുത്തി.
- ജനങ്ങൾക്ക് സൈനിക സേവനം നിർബന്ധമാക്കി.
- വേഴ്സായി സന്ധിയിലെ വ്യവസ്ഥകൾക്കെതിരെ ജനങ്ങളിൽ പ്രതികാര മനോഭാവം വളർത്തിയെടുത്തു.
- പത്രം സിനിമ റേഡിയോ വിദ്യാഭ്യാസം തുടങ്ങിയവയെ ആശയപ്രചാരണത്തിന് ഉപയോഗിച്ചു.
- ആക്രമണപരമായ ഒരു വിദേശ നയം സ്വീകരിച്ചു